കെ.എസ്.എ.കെ.ടി.എം. പി.9/1968/16 തീയതി: 30.12.16

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ്ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ 2015-16 ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.6.15 മുതൽ 30.11.16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17-അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 09.12.2016ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി.എം.വി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.12.16 മുതൽ 9.12.16 വരെ |
| ഉദ്യോഗസ്ഥർ | ശ്രീ .എം.എൻ.രാധാകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി.മേരിആൻഡ്രൂസ്, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഇന്ദുലേഖ.എ,അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സ്മിത .ജി.നായർ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. അമ്പിളി.യു ,ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സെലീനാമ്മ ജോർജ്ജ്<br>ശ്രീ. വി.ജി.മോഹനൻ | 1.04.15-18.11.15<br>19.11.15-31.03.16 |
| സെക്രട്ടറി | ശ്രീ.രാജേഷ്.റ്റി.വർഗ്ഗീസ് | 1.04.15-17.01.2016<br>01.02.16-31.03.16 |
| | ശ്രീമതി.രാജരാജേശ്വരി<br>(സെക്രട്ടറിഇൻ ചാർജ്ജ്) | 17.01.16-31.01.16 |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജരാജേശ്വരി എസ് | 01.04.15-31.03.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.റോസിലി തോമസ്<br>ശ്രീമതി.ധന്യ ജനാർദ്ധനൻ | 01.04.15-18.05.15<br>18.05.15- 31.03.16 |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.മഞ്ജു സെബാസ്റ്റ്യൻ<br>ഡോ.പത്മ കുമാർ | 01.04.15-13.09.15<br>13.09.15-31.03.16 |
| കൃഷി ഓഫീസർ | ശ്രീ.കെ.പ്രദീപ് കുമാർ | 01.04.15-31.03.16 |
| വി.ഇ.ഒ | ശ്രീ.മനോജ് മുകുന്ദൻ<br>ശ്രീമതി. ഷീന .കെ.പി | 01.04.15-<br>-31.03.16<br>01.04.15-<br>-31.03.16 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ശോഭന എ. പി. | 01.04.15-<br>-31.03.16 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രേണു ആർ. | 01.04.15-<br>-31.03.16 |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ. കെ.ജെ.ഓമന | 01.04.15-<br>-31.03.16 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | കെ. ജയലക്ഷ്മി<br>ജോഷി ജോസഫ് | 01.04.15-13.08.15<br>13.08.15-31.03.16 |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| |
|---|
| ഭാഗം 1<br>പൊതു അവലോകനം |
| 1.1 ബജറ്റ് |
| 1.2 വാർഷിക ധനകാര്യപത്രിക |
| 1.3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1.4 സാമ്പത്തിക വിശകലനം |
| 1.5 ഫണ്ട് വിനിയോഗം |
| 1.6 പദ്ധതി അവലോകനം |
| 1.7തനതുവരുമാനം |
| 1.8 ക്ഷേമപദ്ധതികൾ |
| 1.9 കാഷ് വെരിഫിക്കേഷൻ |
| 1.10 ആഭ്യന്തരനിയന്ത്രണം |
| 1.11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 വാർഷികകണക്കുകളുടെ അവലോകനം |
| 2-2 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല |
| 2-3 മുൻ വർഷങ്ങളിൽ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവുവന്ന തുകൾ പ്രയോജനപ്പെടുത്താതെ അവശേഷിക്കുന്നത് സംബന്ധിച്ച് |
| 2-4-1 നൂറ് ച.മീറ്ററിലധികം വിസ്തീർണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നൽകി വസ്തുനികുതി നിർണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം |
| 2-4-2വസ്തുനികുതി- അനർഹമായ വസ്തുനികുതിയിളവുകൾ- നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല |
| 2-4-3 വസ്തുനികുതി- എല്ലാ ഹാളുകളുടെയും നികുതി പരിഷ്കരിച്ചിട്ടില്ല. |
| 2-4-4 വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. |
| 2-4-5 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതിയിളവ്- രേഖകൾ ഹാജരാക്കിയില്ല |
| 2-4-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു. |

| |
|---|
| 2-5 തൊഴിൽനികുതി സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-6-1 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-6-2 വിറ്റുവരവ് ശരിയായി കണക്കാക്കി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല |
| 2-7 വെളിന്തറ സസ്യമാർക്കറ്റ് ഫീസ് പിരിവ്- പൊതുലേലം നടത്തുന്നില്ല- മർച്ചന്റ്സ് അസോസിയേഷന് വർഷം തോറും 5000 രൂപ കുറച്ച് നൽകുന്നു. |
| ഭാഗം 3 ചെലവുകണക്കുകൾ |
| 3-1 കോടതി വ്യവഹാരങ്ങളുടെ തുടർനടപടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല |
| 3-2 വനിതാ വസ്ത്രനിർമാണയൂണിറ്റ് യാഥാർത്ഥ്യമായില്ല- ദാരിദ്ര്യലഘൂകരണവിഭാഗത്തിൽ നിന്നു ലഭിച്ച തുക പൂർണമായി വിനിയോഗിച്ചിട്ടില്ല |
| 3-3 വെള്ളക്കരമിനത്തിൽ അധികം അടവ്- തിരികെ ഈടാക്കാനുള്ള നടപടികളിൽ പുരോഗതിയില്ല |
| 3-4 മീഡിയാശ്രീ പദ്ധതി- നാളിതുവരെ വീഡിയോ ഡോക്യുമെന്ററി ലഭിച്ചിട്ടില്ല |
| 3-5 അതുല്യം- രണ്ടാം ഘട്ടം (സമ്പൂർണ്ണ പ്രാഥമികവിദ്യാഭ്യാസപരിപാടി 2015-16) പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് |
| 3-6 പട്ടികജാതിക്കാർക്ക് ഗാർഹിത കുടിവെള്ളകണക്ഷൻ- അനുബന്ധവിവരങ്ങൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. |
| 3-7 പാറകണ്ടം സാംസ്കാരികനിലയം വൈദ്യുതീകരണം- പ്രവൃത്തി നിർവഹിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. |
| 3-8പട്ടികവർഗക്കാർക്ക് കിണർനിർമാണം- അനുബന്ധവിവരങ്ങൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. |
| 3-9 എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണം- അനുബന്ധവിവരങ്ങൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. |
| 3-10 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |
| 3-11 നിർമ്മാണപ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പാക്കിയില്ല |
| 3-12 ആശ്രയ പ്രോജക്ട്- തുടർപ്രവർത്തനങ്ങളുടെ കാലതാമസം സംബന്ധിച്ച് |
| 3-13 ഗ്രാമസഭകളുടെ സംഘാടനം |
| 3-14 അംഗൻവാടികൾക്ക് എ.സി. വാങ്ങി സ്ഥാപിക്കൽ – സർക്കാർ ഉത്തരവിലെ നിർദേശം പാലിച്ചിട്ടില്ല- തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 വായ്പ-വായ്പ തിരിച്ചടവ് |
| 4-5 സ്ഥിരനിക്ഷേപങ്ങൾ |
| 4-6 ഓഡിറ്റ് റിക്കവറി |
| 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 4-8 ഓഡിറ്റ് പ്രത്യവലോകനം |
| 4-9 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 10740799 | 17706873.05 | 6966074.05 | | 64.85 |

| | | | | | |
|---|---|---|---|---|---|
| വരവ് | 50819599 | 44231689 | 0 | 6587910 | 12.96 |
| ആകെ | 101560398 | 61938562.05 | 39621835.95 | | 39.1 |
| ചെലവ് | 100203402 | 53067724 | 0 | 47135678 | 47 |
| നീക്കിയിരിപ്പ് | 1356996 | 8870838.05 | 7513842.05 | | |

## 1-2 വാർഷിക ധനകാര്യപത്രിക

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 1.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2015-16

| | |
|---|---|
| മുന്നിരിപ്പ് | 17706873.05 |
| വരവ് | 44231689 |
| ആകെ | 61938562 |
| ചെലവ് | 53067724 |
| നീക്കിയിരിപ്പ് | 8870838.05 |

## 1-5 ഫണ്ട് വിനിയോഗം(ഫണ്ട് ഡെവല്യൂഷൻ പത്രിക പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | TC |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 524383 | 3859985 | 8997303 | 8997303 | 0 | 4612935 |
| വികസനഫണ്ട് എസ്.സി.പി. | 1883697 | 3261768 | 5145465 | 4235644 | 0 | 909821 |
| വികസനഫണ്ട് ടി.എസ്.പി. | 112575 | 129000 | 241575 | 159000 | 0 | 82575 |
| സംരക്ഷണഗ്രാന്റ് റോഡ് | 956057 | 4934759 | 5890816 | 5890816 | 0 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1157086 | 1588708 | 2745794 | 2745794 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 291654 | 4939028 | 5230682 | 3580301 | 0 | 1650381 |
| പെർഫോമൻസ് ഗ്രാന്റ് | 2839408 | 1464626 | 4304034 | 2333876 | 0 | 1970158 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 60990798 | 136 | 38437918 | 4 | 64 | 67 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. -30/15/ഡി.പി.സി/ഡി.പി.ഒ /കെ.റ്റി.എം.തീ11.06.15നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ-168---- പ്രോജക്ടുകളും പട്ടികജാതി വിഭാഗത്തിലെ 28----പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ-8---- പ്രോജക്ടുകളും ഉൾപ്പെടെ ആകെ -204--------പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 136-----പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ -12.12.14-ൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു.-7.01.15മുതൽ31.01.15വരെ വികസനസെമിനാറുകൾ കൂടി കരട് വാർഷിക പദ്ധതി

ചർച്ച ചെയ്തു18.1.15ൽ വൃദ്ധർ, വികലാംഗർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായുള്ള പ്രോജക്ടുകൾ തീരുമാനിയ്ക്കുന്നതിനായുള്ള പ്രത്യേക ഗ്രാമസഭയും21.01.15 ഊരുകൂട്ടയോഗവും കൂടുകയുണ്ടായി. 20.05.15------ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

നേട്ടങ്ങൾ

വികസനഫണ്ട് സാധാരണവിഹിതം 99% ചെലവഴിക്കാൻ കഴിഞ്ഞു. ഉൽപ്പാദനമേഖലയിൽ സമഗ്രവിള പരിപാലനം, നെൽകൃഷി വികസനം,ക്ഷീരവികസനം,മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ ,തുടങ്ങിയപ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു.സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ഹോമിയോ-ആയുർവേദആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് ഗുണമേന്മ വർദ്ധനവ്, ആശ്രയപദ്ധതിയ്ക്ക്തുകനൽകൽശാരീരികമാനസികവെല്ലുവിളിനേരിടുന്നവർക്ക്സ്കോളർഷിപ്പ്, അംഗൻവാടികളുടെഅറ്റകുറ്റപ്പണി, മൃഗാശുപത്രി സബ്സെന്റർ മെയിന്റനൻസ്, എസ്സ്,എസ്സ്.എ, യ്ക്ക് വിഹിതം നൽകൽ പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

കോട്ടങ്ങൾ

- ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കായി വ്യത്യസ്തമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നില്ല.
- എല്ലാമേഖലകളിലും വൈവിദ്ധ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു

  .എല്ലാ അങ്കണവാടികൾക്കും സ്വന്തം കെട്ടിടവും വൈദ്യുതീകരണവും സാധ്യമായിട്ടില്ല.
- ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

  കൂടാതെ വിവിധ ആവശ്യങ്ങൾക്ക് സ്ഥലം വാങ്ങൽ, ആധുനിക അറവുശാല നിർമ്മാണം , മാലിന്യസംസ്കരണം,പ്ലാസ്റ്റിക് നിർമ്മാർജ്ജനം എന്നീ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം.

2014-15 വർഷത്തേക്കാൾ സ്ഥാപനത്തിന് -2015-16-സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം 20.4%വർധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 8266606 | 10790332 | 2523726 | 30.52+ |
| നികുതിയേതര വരവുകൾ | 8094675 | 8953564 | 858889 | 10.6+ |
| മറ്റുവരവുകൾ | 2532432 | 3020538 | 488100 | 19.27+ |
| ആകെ | 18893713 | 22764434 | 3870721 | 20.4+ |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2015-16

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 215280 | 154 |
| കർഷകതൊഴിലാളി പെൻഷൻ | 3536640 | 451 |
| വിധവാപെൻഷൻ | 4757440 | 479 |
| വാർദ്ധക്യകാലപെൻഷൻ | 8402640 | 1116 |
| വികലാംഗപെൻഷൻ | 1890125 | 117 |
| അമ്പതുവയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 503440 | 59 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.9.2016തീയതിയിലെ 03.15 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി 234രൂപ ക്യാഷ്

ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.എങ്കിലും ഓഫീസ് ഓർഡർ രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിൽ കൃത്യതയില്ല. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സാംഖ്യ സോഫ്റ്റ്വയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 2015-16വർഷം വസ്തു നികുതിയിനത്തിൽ 42ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്

തനതു ഫണ്ട് ചെലവുകൾ

തനത്ഫണ്ട് വൗച്ചറുകൾ വൗച്ചർ നമ്പറിന്റെ അടിസ്ഥാനത്തിൽ അടുക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബിൽ രജിസ്റ്ററുമായി ഒത്ത് നോക്കാൻ സാധിക്കുന്നില്ല. 2011ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ടിംങ്ങ് ചട്ടങ്ങൾ അനുസരിച്ച് വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നു.

മിനിട്ട്സ് എഴുതി പൂർത്തീകരിയ്ക്കാത്തത്

ഓഡിറ്റ് വർഷം ജനറൽ കമ്മറ്റി മിനിട്ട്സ് എഴുതി പൂർത്തീകരിച്ചിട്ടില്ല . ഭൂരിപക്ഷം കമ്മറ്റികളുടെയും അറ്റൻഡൻസും എഴുതിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ പ്രവർത്തനങ്ങളുടെയും ആധികാരികരേഖ മിനിട്ട്സാണ്. ഓഡിറ്റുവേളയിൽ പ്രസ്തുതവിവരം ചൂണ്ടിക്കാട്ടിയതിനുശേഷമാണ് സെക്രട്ടറി മിനിട്ട്സിൽ ഒഴിഞ്ഞു കിടന്ന പേജുകൾ എഴുതിച്ചേർത്തത് . ക്രമപ്രകാരമുള്ള നടപടിയല്ല ഓരോ കമ്മറ്റിയ്ക്കുശേഷവും മിനിട്ട്സ് എഴുതാതെ മാസങ്ങൾക്കുശേഷം എഴുതിച്ചേർക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ് . പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.5.16 | 3/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/15 | 2012-13 | LBA(HQ)II/88-2144/84<br>dt. 03.06..2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെഅവലോകനം

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വാർഷികധനകാര്യപത്രികയുടെ പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1.ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമായിട്ടില്ല.

2.വസ്തു നികുതി പരിഷ്ക്കരണം പൂർണ തോതിൽ തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. ഫോം 6 പ്രകാരമുള്ള വിവരങ്ങളുടെ ഡേറ്റാ എൻട്രി നടപ്പു സാമ്പത്തിക വർഷവും പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015, 26.12.2015-ലെ ജി.ഒ.(എം എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. ഇക്കാരണങ്ങളാൽ 2015-16വർഷം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള കുടിശ്ശിക-തന്നാണ്ട് ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളുടെ കൃത്യതയും വ്യക്തമല്ല.

3.പാർട്ട് ബിൽ പ്രകാരം നൽകിയ യഥാർത്ഥ തുകയല്ല ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിരിക്കുന്നത്.

4. മാർക്കറ്റ് വരവിന്റെ വിശദാംശങ്ങൾ ഒറ്റ ഹെഡ്ഡിൽ ഉൾപ്പെടുത്താത്തതിനാൽ അനുബന്ധ രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ കഴിഞ്ഞില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. (Supplier's EMD)

## 2-2 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

1994 -ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166,177,254 വകുപ്പുകൾ പ്രകാരവും 2003 ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മുൻ വർഷങ്ങളിൽ ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവുവന്ന തുകകൾ പ്രയോജനപ്പെടുത്താതെ അവശേഷിപ്പിക്കുന്നത് സംബന്ധിച്ച്

വാർഷികകണക്കിലെ B4, RP 40 (b) എന്നീ പട്ടികകൾ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ അവശേഷിക്കുന്നു. ആയതുമായി ബന്ധപ്പെട്ട് 2.12.2016 -ൽ നൽകിയ അഞ്ചാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്.പ്രസ്തുത മറുപടിയിൽ സൂചിപ്പിക്കും പ്രകാരമുള്ള ആവശ്യത്തിന് തുകകൾ വിനിയോഗിക്കേണ്ടതാണ്. തുകകൾ വിനിയോഗിക്കാത്ത പക്ഷം അതാത് ഹെഡിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

| B4 പട്ടിക പ്രകാരംതുക വരവ് വന്ന ഹെഡ് | തുക | മറുപടിയിൽ സൂചിപ്പിക്കും പ്രകാരമുള്ള ആവശ്യം |
|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി (ഐ.സി.ഡി.എസ്) | 463747 | അംഗൻവാടി പോഷകാഹാരം |
| പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റ് | 695225 | അംഗൻവാടി പോഷകാഹാരം+ റ്റി.എസ്.സി ഫണ്ട് +മൃഗസംരക്ഷണവകുപ്പിൽ നിന്നുള്ള ഫണ്ട് |
| ബ്ലോക്കുവിഹിതം | 43045 | പാലിയേറ്റീവ് കെയറിനായി വന്നതിൽ അവശേഷിക്കുന്ന തുക |
| RP 40 (b) പട്ടിക പ്രകാരം അവശേഷിക്കുന്നത് | | |

| | | |
|---|---|---|
| കാനറാ ബാങ്ക് (22148) | 348242 | ആവശ്യം വ്യക്തമല്ല |
| കാനറാ ബാങ്ക് (MN) | 15545 | എം.എൻ ലക്ഷം വീട് പലിശ |
| നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് (2034) | 2180875 | അംഗൻവാടി പോഷകാഹാരം+ റ്റി.എസ്.സി ഫണ്ട് |
| ഫാർമേഴ്സ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് -പെൻഷൻ | 202120 | ഫാർമേഴ്സ് പെൻഷൻ |

## 2-4-1 100ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.ഗ്രാമ പഞ്ചായത്തിലെ 05.11.2011 ലെ 3(2) നമ്പർ തീരുമാനം പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 70 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് ,വിലാസം | കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി | നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | ഫ്രാൻസിസ് ജോസഫ് ,വള്ളപ്പുരയ്ക്കൽ,ചെമ്മനത്തുകര | 8/323A | 61.1m2 Cellar | 2200(61.1m2@30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | 31226(224.72 എം2 @70 /m2റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%)+163.349@70/m2റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20% ബഹുനില ഇളവ് 5%) കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണം 388.21 എം2 ആണ്. സെല്ലാർ + ഗ്രൗണ്ട് ഫ്ലോർ= 224.72 എം2, ഫസ്റ്റ് ഫ്ലോർ= 163.349 എം2 | |
| | | 8/323B | 44.46m2 cellar | 1601(44.46m2@30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/323C | 57.19m2 ground floor | 2059(57.19m2@30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |

| | | | | | | |
|---|---|---|---|---|---|---|
| | | 8/323D | 37.74m2 ground floor | 1359(37.74m2@30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/323E | 54m2first floor | 1847(54m2@30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%) | | |
| | | 8/323F | 42.54 first floor | 1456(42.54m2@30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%) | | |
| | ആകെ | | 297.03m2 | 10522 | 31226 | 20704 |
| 2 | ഡോ. അൻസാരി ബേക്കർ, വില്ല നം 5,ഹാസസ് വില്ല കൊച്ചി | 10/521C | 51m2 (ground floor) | 1836(51m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | 88600(712.53m2@ 70/m2,റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%+355.09m2 @70,റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%ബഹുനില ഇളവ് 5%,+6.84m2 @50,റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | |
| | | 10/521D | 120.48m2 (ground floor) | 10121(120.48m2@70 റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521E | 312m2 (ground floor) | 26208(312m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521F | 97m2ground floor | 3492(97m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521G | 42m2ground floor | 1512(42m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521H | 6.84m2ground floor Office | 411(6.84m2@50, റോഡിന്റെ അടിസ്ഥാനത്തിൽ | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ്-20%) (കെട്ടിടത്തിന്റെ നികുതി ഓഫീസിന്റെ നിരക്കിലാണ് നിർണയിച്ചിരിക്കുന്നത്.) | | |
| | | 10/521I | 7 m2ground floor | 252(7m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521J | 41.53m2ground floor | 1496(41.53m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521K | 83.25m2first floor | 6643(83.25m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%) | | |
| | | 10/521L | 47.41m2first floor | 3784(47.41m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%)) | | |
| | | 10/521M | 87.31m2first floor | 2987(87.31m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%)) | | |
| | | 10/521N | 25m2first floor | 1995(25m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%)) | | |
| | | 10/521P | 41.52m2ground floor | 3488(41.52m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/521Q | 45.6m2 first floor | 3639(45.6m2@70, റോഡിന്റെ അടിസ്ഥാനത്തിൽ | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ്-20%,ബഹുനില ഇളവ് 5%)) | | |
| | | 10/521R | 41.52m2first floor | 3314(41.52m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%)) | | |
| | | 10/521S | 25m2first floor | 1995(25m2@70, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,ബഹുനില ഇളവ് 5%)) | | |
| | ആകെ | | 1074.46m2 | 73134 | 88600 | 15466 |
| | ആകെ | | | | | 29489 |

കൂടാതെ ശ്രീ. ഫ്രാൻസിസ് ജോസഫ് വള്ളപ്പുരയ്ക്കൽ എന്ന ആളുടെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 388.21 m2 ആണ് (Completion Plan പ്രകാരം) .എന്നാൽ 297.03m2 ന് മാത്രമാണ് നികുതി നിർണയിച്ചിരിക്കുന്നത്.

ഇത്തരത്തിൽ ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതിനും, Completion plan ലുള്ള വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണയിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല

ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയത് മൂലം പ്രതിവർഷം ഗ്രാമപഞ്ചായത്തിന് 36170 രൂപ നഷ്ടം ഉണ്ടാകുന്നു. മേൽ വിവരിച്ച രണ്ട് കെട്ടിടങ്ങളുടേയും വസ്തുനികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ശരിയായ നികുതി നിർണയം നടത്താതിരുന്ന സെക്രട്ടറി ശ്രീ. രാജേഷ് ടി. വർഗീ സിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4-2 വസ്തുനികുതി-അനർഹമായ വസ്തുനികുതി ഇളവുകൾ- നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, താഴെപറയുന്ന കെട്ടിടങ്ങളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കിയതായി 2014-15 വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു

| കെട്ടിട നം | ഉടമയുടെ പേര് വിലാസം |
|---|---|
| 6/431 | Administrator, Nursing School, MercyHospital, Pothy |
| 6/450A | Administrator, MercyHospital,Pothy |
| 6/450B | " |
| 6/445 | Little Flower UP School |

| | |
|---|---|
| 6/73B | Mattai Varghese, Madiyappallimyalil |
| 2/105A | V.J.Pappu, Executive and trustee, Thalayolaparambu |
| 6/191 | M. N.krishnakumar,Pothy |
| 8/435 | Mother Superior, Little Flower Convent |
| 14/348A | Administrative Officer,Vaokom Devaswam |

അനർഹമായ വസ്തുനികുതി ഇളവുകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല .പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടത്തിന് കാലാകാലങ്ങളിലെ സെക്രട്ടറിമാർ ഉത്തരവാദികളാകുന്നതാണ്.

## 2-4-3 വസ്തു നികുതി-എല്ലാ ഹാളുകളുടെയും നികുതി പരിഷ്കരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം ഏകദേശം പൂർത്തിയായതായി കാണുന്നു. എന്നാൽ താഴെപറയുന്ന ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല

. St.Michacles Church ,Pothy Parish Hall

.St.Antonys Church Parish Hall

.KMM Church Parish Hall

.Co-opertive Bank Auditorium

.K.R Auditorium

.Pentacostal Mission

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഉണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് പഞ്ചായത്ത് വസ്തുനികുതി ചുമത്തുന്നില്ല. നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

## 2-4-4 വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ അവസാനഘട്ടത്തിലാണ്. 2015-16 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 4298050 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി വരവുകൾ കൃത്യമായി പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 2-4-5 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഇളവ്-രേഖകൾ ഹാജരാക്കിയില്ല

ജി.ഒ (എം.എസ്)242/2013 ത.സ്വ.ഭ.വ തീയതി.02.07.13 പ്രകാരം വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കണമെന്നും അപേക്ഷകളും രേഖകളും എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകേണ്ടതാണെന്നും നിർദേശിക്കുന്നുണ്ട്. എന്നാൽ 2015-16 വർഷങ്ങളിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്ററും അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ നിയമാനുസൃത ഇളവുകളാണോ അനുവദിച്ചതെന്ന് പരിശോധനക്കാൻ സാധിച്ചില്ല.

നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ നികുതി 2013-14 സാമ്പത്തിക വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കെട്ടിട നം. | വിസ്തീർണ്ണം | ഉടമയുടെ വിശദാംശങ്ങൾ | പഴയ നികുതി | പുതുക്കിയ നികുതി | കുടിശിക |
|---|---|---|---|---|---|---|
| 1 | 2/332 C | 12 ച.മീ. | WTTIL എസ്.എൻ.പ്ലാസ, പാലാരിവട്ടം | 2500 | 31250 | 13-14 മുതൽ |
| 2 | 7/277 A | 12 ച.മീ. | M/s.ഭാരതി സെല്ലുലാർ ലിമിറ്റഡ് ഇൻഡസ് ടവർ, പാടിവട്ടം | 259 | 6000 | 13-14 മുതൽ |
| 3 | 7/276 A | 12 ച.മീ. | M/s വയോമ നെറ്റ് വർക്ക് J & co., ചേമ്പർ, മണിമല റോഡ്, ഇടപ്പള്ളി | 259 | 5400 | 13-14 മുതൽ |
| 4 | 9/297 A | 12 ച.മീ. | ടാറ്റ ടെലി സർവ്വീസസ് ലിമിറ്റഡ് എസ്.എൽ.പ്ലാസ പാലാരിവട്ടം | 180 | 6600 | 13-14 മുതൽ |
| 5 | 5/89 A | 15 ച.മീ. | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 216 | 6750 | 12-13 മുതൽ |
| 6 | I/615 A | 544 ച.മീ. | ബിജു റ്റി.നായർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് ലിമി. | 2720 | 3264 | 12-13 മുതൽ |
| 7 | 15/303 | 10 ച.മീ. | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.സബ്സിഡിവിഷൻ | 173 | 4500 | 12-13 മുതൽ |
| 8 | 12/326 A | 14 ച.മീ. | ഇൻഡസ് ടവർ ലിമിറ്റഡ് | 648 | 7700 | 12-13 മുതൽ |

ടവർ നടത്തിപ്പ് കമ്പനികൾക്ക് നികുതി കുടിശിക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല. കാലങ്ങളായുള്ള നികുതി കുടിശിക ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ കാലഹരണപ്പെടാൻ സാധ്യതയുള്ളതിനാൽ നടപടി സ്വീകരിക്കണമെന്ന് മുൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ഗ്രാമ പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടത്തിന് കാലാകാലങ്ങളിലെ സെക്രട്ടറിമാർ ഉത്തരവാദികളാകുന്നതാണ്. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി വിഷയം പരിഗണിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ,സ്ഥാപനതൊഴിൽ നികുതി ഡിമാൻ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം14) മറുപടിലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | തൊഴിൽനികുതി | സ്ഥാപനതൊഴിൽ നികുതി |
|---|---|---|---|
| 1 | ആയുർവേദ ഡിസ്പെൻസറി(NRHM),തലയോലപറമ്പ് | രണ്ടാം അർദ്ധവർഷം | - |
| 2 | വടയാർ കർഷകസംഘം ലിമിറ്റഡ്നം-307 | ഒന്നും രണ്ടും അർദ്ധവർഷം | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | യു എഇ എക്സേഞ്ച് | - | രണ്ടാം അർദ്ധവർഷം |
| 4 | ത്രിവേണി സൂപ്പർ മാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം | - |
| 5 | പ്രിൻസിപ്പൽ എസ് ഐ ഐറ്റി ഐ | ഒന്നും രണ്ടും അർദ്ധവർഷം | - |

| | | | |
|---|---|---|---|
| 6 | പ്രിൻസിപ്പൽ ഐസിഎം കംമ്പ്യൂട്ടർ | ഒന്നം രണ്ടും അർദ്ധവർഷം | - |
| 7 | ക്ഷീരോദ്പ്പാദനസഹകരണസംഘം (കെ യു സിഎസ്സ് ),തലയോലപറമ്പ് | ഒന്നം രണ്ടും അർദ്ധവർഷം | - |
| 8 | ക്ഷീരോദ്പ്പാദനസഹകരണസംഘം (കെ യു സിഎസ്സ് ),പൊതി | ഒന്നം രണ്ടും അർദ്ധവർഷം | - |
| 9 | ക്ഷീരോദ്പ്പാദനസഹകരണസംഘം (കെ യു സിഎസ്സ് ),വടയാർ | ഒന്നം രണ്ടും അർദ്ധവർഷം | - |
| 10 | സെക്രട്ടറി കയർസൊസൈറ്റി,വടയാർ | ഒന്നം രണ്ടും അർദ്ധവർഷം | ഒന്നം രണ്ടും അർദ്ധവർഷം |
| 11 | മെഡിക്കൽ ഓഫീസർ,സഞ്ചീവനി നഴ്സിംഗ് ഹോം | ഒന്നം രണ്ടും അർദ്ധവർഷം | - |
| 12 | ഹോട്ടൽ ഗോൾഡൻ പാർക്ക് | ഒന്നം രണ്ടും അർദ്ധവർഷം | ഒന്നം രണ്ടും അർദ്ധവർഷം |
| 13 | അമൃതാഫിനാൻസ് | ഒന്നം രണ്ടും അർദ്ധവർഷം | ഒന്നം രണ്ടും അർദ്ധവർഷം |
| 14 | ജന്റിൽമാൻ ചിട്ടിഫണ്ട് | ഒന്നം രണ്ടും അർദ്ധവർഷം | ഒന്നം രണ്ടും അർദ്ധവർഷം |
| 15 | കളമ്പൂകാട്ട്ഫിനാൻസ് | ഒന്നം രണ്ടും അർദ്ധവർഷം | ഒന്നം രണ്ടും അർദ്ധവർഷം |
| 16 | ബിവറേജസ് കോർപ്പറേഷൻ | - | രണ്ടാം അർദ്ധവർഷം |
| 17 | പോപ്പുലർഫിനാൻസ് | ഒന്നം രണ്ടും അർദ്ധവർഷം | ഒന്നം രണ്ടും അർദ്ധവർഷം |

ടിസ്ഥാപനങ്ങളിൽ നിന്നും നികുതിയും പിഴപലിശഉൾപ്പെടെയുള്ള തുകയും ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6-1 ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ഡി ആന്റ് ഒ ലൈസൻസ് നേടിയല്ല പ്രവർത്തിക്കുന്നത്.

1 ഭാഗ്യലക്ഷ്മി ഫ്യൂവൽസ് ,പൊട്ടൻചിറ

2 പ്രദീപ് ഗ്യാസ് ഏജൻസീസ് ,തലയോലപ്പറമ്പ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് 232 ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനങ്ങൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കുന്നുണ്ട് . എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6-2 വിറ്റുവരവ് ശരിയായി കണക്കാക്കി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്നു പെട്രോൾ പമ്പുകളിൽ നിന്ന് താഴെപറയും പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത്

1 തേനത്ത് ഓട്ടോഫ്യൂവൽസ് ,തലയോലപ്പറമ്പ് ---1000

2 രവീന്ദ്രാ തലയോലപ്പറമ്പ് ---1000

3 കല്ലോലിക്കൽ ഫ്യൂവൽസ്.-----2000

എറണാകുളം കോട്ടയം റോഡിന്റെ വശങ്ങളിൽ ആണ് ടി പമ്പുകൾ സ്ഥിതി ചെയ്യുന്നത് . 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ദിവസേനെ ഒരു ലക്ഷത്തിനു മുകളിൽ ശരാശരി വിറ്റുവരവുണ്ടെങ്കിൽ 4000 രൂപ പ്രതിവർഷം ലൈസൻസ് ഫീസ് ഈടാക്കമെന്ന് വ്യക്തമാക്കുന്നു.പമ്പുകളുടെ വിറ്റുവരവ് ശരിയായി നിർണ്ണയിച്ച് ലൈസൻസ് ഫീ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല . ഫീൽഡ്തല അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിദിനവരുമാനം നിർണയിച്ച് ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-7 വെളിന്തറ സസ്യമാർക്കറ്റ് ഫീസ് പിരിവ് - മർച്ചന്റ് അസോസിയേഷന് വർഷം തോറും 5000 രൂപ കുറച്ച് നൽകുന്നു

വെളിന്തറ സസ്യമാർക്കറ്റ് ഫീസ് പിരിവ് 2013-14 മുതൽ നാളിതുവരെ കേരള വ്യാപാരവ്യവസായ ഏകോപന സമിതിയുടെ തലയോലപ്പറമ്പ് യൂണിറ്റാണ് ( മർച്ചന്റ് അസോസിയേഷന്) നടത്തുന്നത്. 2013-14 വർഷം 105000 രൂപയ്ക്കും, 2014-15 വർഷം 100000 രൂപയ്ക്കുമാണ് അവകാശം ഉറപ്പിച്ചുനൽകിയത്. 2015-16 വർഷം ഫീസ് പിരിക്കുന്നതിനുള്ള അവകാശം 2014-15 വർഷത്തെ നിരക്കായ 100000 രൂപയ്ക്ക് ഏറ്റെടുക്കുന്നതിന് തയ്യാറാണോ എന്നാരായാൻ 16.02.15 ലെ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 12.03.15ലെ എ3. 1702/13 ആയി ഗ്രാമപഞ്ചായത്ത് മർച്ചന്റ് അസോസിയേഷന് കത്ത് നല്കിയതിന് 100000 രൂപയ്ക്ക് ഏറ്റെടുക്കുന്നതിന് തയ്യാറല്ല എന്ന് മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി 13.03.15ൽ മറുപടി ലഭ്യമാക്കി. എന്നാൽ പൊതുലേലം നടത്തി അധികനിരക്ക് ലഭ്യമാകുമോ എന്ന് പരിഗണിക്കാതെ 95000 രൂപയ്ക്ക് ഫീസ് പിരിക്കാൻ അനുവദിക്കുകയാണുണ്ടായത് എന്ന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മർച്ചന്റ് അസോസിയേഷനുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ 95000 രൂപയ്ക്ക് ഏറ്റെടുക്കുന്നതിന് സമിതി തയ്യാറായതിനാൽ 24.3.15 ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞ തുകയ്ക്ക് സമിതിയെ ഏൽപ്പിച്ചതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ടി തീയതി യിൽ ഇപ്രകാരം തീരുമാനമെടുത്തതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല. കൂടാതെ സമിതിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. 2016-17 വർഷവും പൊതുലേലം നടത്താതെ 90000 യ്ക്ക് സമിതിക്കുതന്നെയാണ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം നല്കിയത് .പ്രതിവർഷം 5% വർദ്ധനവ് വരുത്തേണ്ട സ്ഥാനത്ത് 5000രൂപ വീതം വരുമാനം കുറയുന്ന അവസ്ഥയാണ് തുടരുന്നത്. ഭരണസമിതി ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം എഴുപത്തെട്ടോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി,കീഴ്ക്കോടതികൾ,ഓംബുഡ്സ്മാൻ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല.

## 3-2 വനിതാവസ്ത്രനിർമ്മാണയൂണിറ്റ് യാഥാർത്ഥ്യമായില്ല- ദാരിദ്ര്യലഘൂകരണവിഭാഗത്തിൽ നിന്ന് ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

ജില്ലാപഞ്ചായത്തിലെ ദാരിദ്ര്യലഘൂകരണവിഭാഗത്തിൽ (ഡി.ആർ.ഡി.എ) നിന്നും 2012-13സാമ്പത്തികവർഷം ലഭിച്ച 1544215 രൂപയിൽ 1200000 രൂപ ചെലവഴിച്ച് നിർമ്മിച്ചതാണ് വനിതാവസ്ത്രനിർമ്മാണയൂണിറ്റ്. പ്രസ്തുതകെട്ടിടത്തിൽ നാളിതുവരെ തൊഴിൽസംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടും

അനുബന്ധപ്രവർത്തനങ്ങൾക്കായുള്ള യന്ത്രസാമഗ്രികൾ വാങ്ങിയിട്ടില്ല. നിലവിൽ പ്രസ്തുതകെട്ടിടവും നിഷ്ക്രിയാസ്തിയായി പരിണമിച്ചിരിയ്ക്കുകയാണ്. വസ്ത്രനിർമ്മാണയൂണിറ്റിനായി സെക്രട്ടറിയുടെയും പ്രസിഡന്റെയും പേരിൽ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ (A/C no.866) ആരംഭിച്ച അക്കൗണ്ടിൽ 404513 രൂപ അവശേഷിയ്ക്കുന്നു. ടി തുക യൂണിറ്റിന്റെ തുടർപ്രവർത്തനങ്ങൾക്കായി വിനിയോഗിയ്ക്കുകയോ ഡി.ആർ.ഡി.എ /പി.എ.യു വിലേയ്ക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 വെള്ളക്കരമിനത്തിൽ അധിക അടവ് -തിരികെ ഈടാക്കാനുള്ള നടപടികളിൽ പുരോഗതിയില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം വെള്ളക്കരമിനത്തിൽ (RP-13) പ്രകാരം 12,86,256 രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. 03.11.11-ൽ നടത്തിയ സംയുക്തപരിശോധന പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ കുടിവെള്ളം ലഭ്യമാകുന്ന 245 ടാപ്പുകളാണുള്ളത്. എന്നാൽ സംയുക്തപരിശോധന നടത്തുന്നതിന് മുൻപ് 2009-10 സാമ്പത്തികവർഷം 416 ടാപ്പുകൾക്കായി 13,75,582 രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. മേൽസൂചിത തുക ക്രമീകരിയ്ക്കാനുള്ള നടപടി സ്വീകരിയ്ക്കാതെ തുടർവർഷങ്ങളിലും തനതുഫണ്ടിൽ നിന്നും മെയിന്റനൻസ് ഫണ്ടിൽ നിന്നും (വെള്ളക്കരമിനത്തിൽ തുക) ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ലഭിയ്ക്കേണ്ട തുക സംബന്ധിച്ച് ബഹു .കേരള ഹൈക്കോടതിയിൽ WP(C) 83/2010 നമ്പരായി ഒരു കേസും നിലവിലുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ തിരികെ ലഭിയ്ക്കേണ്ട തുക 7,68,500 രൂപയാണ്. എന്നാൽ 9.12.2016- ൽ നടന്ന എക്സിക്സിറ്റ് മീറ്റിംഗിൽ പ്രസ്തുതവിഷയം അവതരിപ്പിച്ചപ്പോൾ "വാട്ടർ അതോറിട്ടിയിൽ നിന്നും തുക തിരികെ ലഭിയ്ക്കാൻ ഇല്ലെന്ന് സെക്രട്ടറി മറുപടി നൽകി. സെക്രട്ടറിയുടെ മറുപടിയെ സാധൂകരിയ്ക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 മീഡിയാശ്രീ പദ്ധതി-നാളിതുവരെ വീഡിയോ ഡോക്കുമെന്ററി ലഭിച്ചിട്ടില്ല.

പ്രോജക്ട് നം. -201/15-16
അടങ്കൽ -65000/-
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 5-2-14 ലെ ഉത്തരവ് (സാധാ.)നം.3206 /14/ അനുസരിച്ച് കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളുടെയും വീഡിയോ ഡോക്യുമെന്റേഷൻ ആയി തയ്യാറാക്കുന്നതിന് 65000/-രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം 65000/-രൂപ കുടുംബശ്രീ കോട്ടയം ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്.

വികസനഫണ്ട് 65000/-രൂപ (ഡി.ഡി. നം. 21500350/24.05.15)

എന്നാൽ നാളിതുവരെ ഡോക്കുമെന്റേഷൻ പ്രസിദ്ധപ്പെടുത്തുകയോ പഞ്ചായത്തിന് ഇതുമായി ബന്ധപ്പെട്ട സി.ഡി. ലഭിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വീഡിയോ ഡോക്യുമെന്ററി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 65,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് ഡോക്കുമെന്ററി ചിത്രം പ്രസിദ്ധപ്പെടുത്തുന്നതിനും സി.ഡി.ലഭിക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 അതുല്യം - രണ്ടാം ഘട്ടം (സമ്പൂർണ്ണ പ്രാഥമികവിദ്യാഭ്യാസപരിപാടി 2015-16) പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി
പ്രോജക്ട് നമ്പർ- 183/16
പ്രോജക്ട്- അതുല്യം രണ്ടാം ഘട്ടം- സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപരിപാടി

അതുല്യം പ്രോജക്ടിൽ സാക്ഷരതാ പ്രേരകർമാർക്ക് ഓണറേറിയം, പുസ്തകം, സ്റ്റേഷനറി, ബാനർ തയ്യാറാക്കൽ എന്നീ ഇനങ്ങളിലായിരുന്നു പണം ചെലവഴിച്ചത് എന്നാൽ പഠിതാക്കളുടെ ഹാജർവിവരം,പഞ്ചായത്തിലെപഠനകേന്ദ്രങ്ങൾ, ഗുണഭോക്താക്കൾക്കളുടെ എണ്ണം, പരിശീലനകാലയളവ് എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സാക്ഷരതാമിഷൻ മിഷനിൽ നിന്നും ലഭ്യമാക്കിയ പ്രോജക്ട് നിർവ്വഹണനിബന്ധനകൾപ്രകാരം നാലുമാസം (2/15 മുതൽ 6/15) പരിശീലനം നൽകിയതിനുശേഷം അവസാനപരീക്ഷ (അക്ഷരോത്സവം) നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടിയിരുന്നു.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് കേരളസാക്ഷരതാമിഷൻ നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ട്, അവസാനപരീക്ഷ (അക്ഷരോത്സവം) നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 'സമ്പൂർണ്ണ പ്രാഥമികവിദ്യാഭ്യാസഗ്രാമം' എന്ന ലക്ഷ്യം കൈവരിച്ചു എന്ന വസ്തുത വ്യക്തമല്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 45100 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടികജാതിക്കാർക്ക് ഗാർഹിക കുടിവെള്ളകണക്ഷൻ- അനുബന്ധവിവരങ്ങൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം- 88/16
പ്രോജക്ട്- പട്ടികജാതിക്കാർക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ

ചെലവഴിച്ച തുക - 84000 ( ഐ.കെ.എം. പത്രിക പ്രകാരം )

ട്രഷറി ബിൽ ബുക്ക് പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം | തുക |
|---|---|
| 10/15-16 | 12000 |
| 13/15-16 | 36000 |
| 16/15-16 | 12000 |
| 17/15-16 | 6000 |
| 20/15-16 | 6000 |
| 30/15-16 | 6000 |
| 34/15-16 | 6000 |
| ആകെ | 84000 |

പ്രസ്തുത പ്രോജക്ടുനിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. ഗുണഭോക്താക്കളുടെ എണ്ണം
2. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ
3. സബ്സിഡി നൽകിയതിന്റെ വിവരങ്ങൾ
4. വാട്ടർ അതോറിട്ടിയുടെ കുടിവെള്ളകണക്ഷനിൽ നിന്നാണോ ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കിയത് എന്ന് അധികൃതർ പരിശോധിച്ചതിന്റെ വിവരങ്ങൾ
5. ഗുണഭോക്താക്കൾ കുടിവെള്ളകണക്ഷൻ എടുത്തതിനുശേഷം ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക നൽകിയത് എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ

   മേൽ സൂചിത രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച84000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാറകണ്ടം സാംസ്കാരികനിലയം വൈദ്യുതീകരണം- പ്രവൃത്തിനിർവ്വഹിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം- /16
പ്രോജക്ട്- പാറക്കണ്ടം സാംസ്കാരികനിലയം വൈദ്യുതീകരണം

ആകെ ചെലവഴിച്ച തുക - 197004
ഡി.ഡി. നം. 702822/26.11.15
തുക – 181553 (കരാറുകാരന് നൽകിയത്)

മേൽ പ്രോജക്ടുനിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലിൽ കരാറുകാരന് തുക നൽകിയതിന്റെ

വിവരങ്ങൾ,നികുതിയടവുകളുടെ വിവരങ്ങൾ, അളവുപുസ്തകം എന്നിവ ലഭ്യമായിരുന്നില്ല. പ്രസ്തുതരേഖകളുടെ അഭാവത്തിൽ പ്രവൃത്തിപൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമായിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 197004 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികവർഗ്ഗക്കാർക്ക് കിണർനിർമ്മാണം-അനുബന്ധവിവരങ്ങൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം- 190/16
പ്രോജക്റ്റ്- പട്ടികവർഗക്കാർക്ക് കിണർ നിർമ്മാണം

ചെലവഴിച്ച തുക - 20000 ( ബിൽ നം 15/15-16 )

പ്രോജക്ടുനിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. ഗുണഭോക്താക്കളുടെ എണ്ണം
2. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ
3. സബ്സിഡി നൽകിയതിന്റെ വിവരങ്ങൾ
4. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്
5. എൽ.എസ്.ജി. അസി.എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്നതിന്റെ വിവരങ്ങൾ

   മേൽ സൂചിത രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച20000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 എസ്സ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണം- അനുബന്ധവിവരങ്ങൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം- 186/16
പ്രോജക്റ്റ്- എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണം

ചെലവഴിച്ച തുക - 4000 ( ബിൽ നം 58/15-16) എസ്സ്.റ്റി വിദ്യാർത്ഥികൾക്ക് പഠനോപകരണം പ്രസ്തുത പ്രോജക്ടുനിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

- പഠനോപകരണം നൽകുന്നതിനായി തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ സ്കൂളിൽ നിന്നും പ്രധാനാദ്ധ്യാപകൻ ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ലഭ്യമാക്കിയിട്ടില്ല.
- ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ, പർചേസ് കമ്മറ്റി തീരുമാനങ്ങൾ, എന്നിവ
- ഉപകരണങ്ങൾ വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ വിവരങ്ങൾ

മേൽസൂചിത രേഖകളുടെ അഭാവത്തിൽ ടിയിനത്തിൽ ചെലവഴിച്ച 4000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം445 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 599860 രൂപചെലവഴിച്ചിട്ടുണ്ട്.

മേൽ സൂചിത പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ളെ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരിഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2.തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്റർ

അപൂർണ്ണമാണ്.

3.വാർഡുമെമ്പർമാർ പ്രസ്തുത ഉപകരണങ്ങൾ കൈപ്പറ്റിയിട്ടുള്ളതിന്റെ രേഖകൾ അപൂർണ്ണവും അവ്യക്തവുമാണ്.

4.വാർഡ് മെമ്പർമാരിൽ നിന്നും കേടായ ലൈറ്റുകളുടെ റിക്വയർമെന്റ് ശേഖരിച്ച് അതിനനുസരിച്ച് വേണമായിരുന്നു പർച്ചേസ് നടത്തേണ്ടിയിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ വിവിധവാർഡുകളിലെ സ്ട്രീറ്റ്ലൈറ്റ് പോയിന്റുകൾ സംബന്ധിച്ച് കൃത്യമായ കണക്ക് കെ.എസ്.ഇ.ബി.യുമായി സംയുക്തപരിശോധന നടത്തി സൂക്ഷിക്കേണ്ടതും ആവശ്യകതയ്ക്ക് അനുസരിച്ച് വാങ്ങൽ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 നിർമ്മാണ പ്രവർത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല

നിർമ്മാണ പ്രവർത്തികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമ്പൂർണ്ണമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | റോഡ് പ്രവർത്തി | അടങ്കൽ | നിർവ്വഹിച്ച പ്രവർത്തി | ചെലവ് | പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവർത്തി |
|---|---|---|---|---|---|
| 28/16 | മുല്ലോത്ത് - കരുവാത്തറ റോഡ് മെറ്റലിംഗ് | 300000/- | മെറ്റലിംഗ് മാത്രം | 295854/- | ടാറിംഗ് |
| 128/16 | പാറക്കണ്ടം - പഴയ കടവ് റോഡ് മെറ്റലിംഗ് | 205000/- | മെറ്റലിംഗ് മാത്രം | 202396/- | ടാറിംഗ് |
| 70/16 | കീഴേടം - നട്ടുരുത്തേൽ റോഡ് മെറ്റലിംഗ് | 120000/- | മെറ്റലിംഗ് മാത്രം | 111811/- | ടാറിംഗ് |
| 152/15 | ഓണംകണ്ടത്തിൽ - കുടകുത്തിപ്പാലം റോഡ് മെറ്റലിംഗ് | 100000/- | മെറ്റലിംഗ് മാത്രം | 81088/- | ടാറിംഗ് |
| 34/16 | മേശ്ശി - മുടക്കാരപ്പുറം റോഡ് മെറ്റലിംഗ് | 270000/- | മെറ്റലിംഗ് മാത്രം | 269390/- | ടാറിംഗ് |

പല റോഡ് പ്രവർത്തികളും ആകെ നീളം താരതമ്യേന വളരെ കുറവാണെങ്കിലും ആ അളവ് പൂർണ്ണമായും പ്രവർത്തി നിർവഹണത്തിൽ ഉൾപ്പെടുത്താതെ കുറച്ച് ദൂരം മാത്രം നിർവ്വഹിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | റോഡ് പ്രവർത്തിയുടെ പേര്/ചെലവ് | റോഡിന്റെ ആകെ നീളം | പ്രവർത്തി നിർവഹിച്ച ദൂരം | ബാക്കി നിൽക്കുന്ന ദൂരം |
|---|---|---|---|---|
| 219/15 | മൃഗാശുപത്രി - മേച്ചേരിൽറോഡ് ടാറിംഗ് 230234/- | 155 മീറ്റർ | 115 | 40 |
| 224/15 | താളിയേക്കൽ വട്ടംകണ്ടം റോഡ് ടാറിംഗ് 140562/- | 285 | 100 | 185 |
| 225/16 | ഉഴുത്തേൽ റോഡ് ടാറിംഗ് 159866/- | 272 | 110 | 162 |
| 136/15 | ആശുപത്രി ജംഗ്ഷൻ - പുന്നോത്ത് റോഡ് ടാറിംഗ് 265804/- | 250 | 135 | 115 |
| 104/15 | തൃക്കരായിക്കുളം - വാര്യത്തുകാല റോഡ് ടാറിംഗ് 296851/- | 200 | 105 | 95 |

നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല. പിന്നീട് തുടർ പ്രവർത്തികൾ നടത്തിയാലും അധിക ചെലവ് ഉണ്ടാകുന്നതിനോ ഉള്ള സാധ്യത നിലനിൽക്കുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## 3-12 ആശ്രയ പ്രോജക്ട് -തുടർപ്രവർത്തനങ്ങളുടെ കാലതാമസം സംബന്ധിച്ച്

അഗതി കുടുംബങ്ങളിലെ 41 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി2005-06 ൽ ആരംഭിച്ച ഒന്നാം ഘട്ട പദ്ധതിയിൽ

ഗുണഭോക്താക്കൾക്ക് വീട്മെയിന്റനൻസ്, ആശ്രയറേഷൻവിതരണം, പോഷകാഹാരകിറ്റ് വിതരണം, പഠനോപകരണങ്ങളുടെ വിതരണം തുടങ്ങിയവയാണ് പ്രധാനമായും നടത്തേണ്ടിയിരുന്നത്.

സ.ഉ(എം.എസ് )നം.170/2012/തസ്വഭവ തീയതി 16-06-2012 പ്രകാരം കുടുംബശ്രീ-ആശ്രയപദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും അർഹതപ്പെട്ട കൂടുതൽ വിഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ആക്ഷൻപ്ലാൻ തയ്യാറാക്കി ആശ്രയ രണ്ടാം ഘട്ട പ്രോജക്ട് 2014 -17 കാലയളവിലേയ്ക്ക് പുതിയ61 ഗുണഭോക്തൃകുടുംബങ്ങളെ ഉൾപ്പെടുത്തി പ്രോജക്ട് അംഗീകാരം നേടിയിട്ടുണ്ട്. ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിനായി 2015-16-ൽ 900000രൂപ പ്ലാൻഫണ്ട് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ആശ്രയ രണ്ടാം ഘട്ട പ്രോജക്ടിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമമായി പുരോഗമിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-13 ഗ്രാമസഭകളുടെ സംഘാടനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെ പ്രവർത്തനത്തിലും സംഘാടനത്തിലും പിഴവുകൾ സംഭവിച്ചിട്ടുള്ളതായി ഗ്രാമസഭകളുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അവ ചുവടെ സംഗ്രഹിക്കുന്നു.

1. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുന്നില്ല

മൂന്ന് മാസത്തിൽ ഒരിക്കൽ ഗ്രാമസഭകൾ യോഗം ചേരണമെന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) ന്റെ ലംഘനമാണിത്.

2. യോഗനടപടികൾ പൂർത്തിയാക്കി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല

പല ഗ്രാമസഭകളിലും കൈക്കൊണ്ട തീരുമാനങ്ങൾ പൂർണ്ണമായും മിനിട്സിൽ രേഖപ്പെടുത്തി ഗ്രാമസഭ കൺവീനറും കോർഡിനേറ്ററും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലന്ന് കാണുന്നു. പല മിനിട്സ് ബുക്കുകളിലും സ്ഥലം വിട്ടിരിക്കുന്നതായിക്കാണുന്നു. ഉപയോഗിക്കാത്ത സ്ഥലം റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഗ്രാമസഭാപങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോകൾ മിനിട്സിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തീരുമാനങ്ങൾ രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്യാത്തതിനാൽ ഗ്രാമസഭകൾ കൈക്കൊണ്ട തീരുമാനങ്ങൾ ആധികാരികമല്ല.

3. ഗ്രാമസഭകളിൽ വാർഷിക കണക്ക്, ഭരണറിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്, എന്നിവ ചർച്ച ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതി സംബന്ധിച്ച വരവ്ചെലവ് കണക്കുകൾ, വാർഷിക ഭരണറിപ്പോർട്ട്,

എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നില്ല. ഗ്രാമസഭാസംഘാടനം കുറ്റമറ്റതാക്കുന്നതിന് കൂടുതൽ ജാഗ്രത പഞ്ചായത്തധികൃതർ പുലർത്തേണ്ടതാണ്.

## 3-14 ആവശ്യാധിഷ്ഠിതമല്ലാതെ അംഗൻവാടികൾക്ക് എ.സി. വാങ്ങി സ്ഥാപിച്ചത്- ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 187/ |
| ചെലവഴിച്ച തുക | 235357 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ബിൽ നം. | 21/15-16/18.11.15 |

2015-16 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടായിരുന്നു പഞ്ചായത്തിലെ നാല് അംഗൻവാടികൾക്ക് എ.സി. വാങ്ങി സ്ഥാപിക്കൽ. പ്രസ്തുത പ്രോജക്ട് പ്രകാരം തലയോലപ്പറമ്പ് (130) ഉമ്മാകുന്ന് (143), മിഠായികുന്ന് (126) , തലപ്പാറ (129) എന്നീ അംഗൻവാടികളിലാണ് എ.സി. സ്ഥാപിച്ചത്. പഞ്ചായത്തിലെ ഇലക്ട്രിഫിക്കേഷൻ വേലകൾക്ക് മൊത്തമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.എൽ.റ്റി.ഇ.സി.ഇ., എൽ. എസ്.ജി.ഡി. കോട്ടയത്തിൽ നിന്ന് അംഗീകാരം വാങ്ങിയിരുന്നു. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. രവിവർമ്മ, പടിഞ്ഞാറേ കോവിലകം വൈക്കം എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറെക്കൊണ്ട് എസ്റ്റിമേറ്റ് നിരക്കിലാണ് പ്രവൃത്തി ചെയ്യിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം 1 ടി.ആർ.5 സ്റ്റാർ എ.സി. യൂണിറ്റ് വോൾട്ടാസ് (10ടി. വോൾട്ടാസ് 125സി.ടി.എൻ.) എന്ന ബ്രാൻഡ് നെയിമോടുകൂടിയ എ.സി.

യൂണിറ്റുകളാണ് നാല് അംഗൻവാടികളിലും സ്ഥാപിച്ചിരിക്കുന്നത്. മേൽ സൂചിത പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എ.സി. വാങ്ങി സ്ഥാപിക്കുന്നതിനായി ചെലവഴിക്കുന്നത് റോഡിതര സംരക്ഷണഗ്രാന്റാണ്. 10.1210 ലെ ജി.ഒ.(എം.എസ്.) 300/2010/തസ്വഭവ പ്രകാരം (അനക്സർ) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് വാങ്ങാവുന്ന സാധനങ്ങളിൽ / സേവനങ്ങളിൽ എ.സി. വാങ്ങി സ്ഥാപിക്കൽ ഉൾപ്പെടുന്നില്ല.
2. എ.സി. വാങ്ങലും സ്ഥാപിക്കലും ഉൾപ്പെടെയുള്ള കുറഞ്ഞ ക്വട്ടേഷനാണ് അംഗീകരിച്ചത്. എ.സി. വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കി പരിശോധിച്ച് ബോധ്യപ്പെടാതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. അതായത് എ.സി. യൂണിറ്റിന്റെ വില, സ്പെസിഫിക്കേഷൻ എന്നിവ ബോധ്യപ്പെടാതെയാണ് തുക നൽകിയത്. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അളവുപുസ്തകത്തിൽ തുക രേഖപ്പെടുത്തിയിരിക്കുന്നത്. വോൾട്ടാസിന്റെ 1 ടി.ആർ. 5 സ്റ്റാർ എ.സി. യൂണിറ്റാണ് (വോൾട്ടാസ് 10 ടി വോൾട്ടാസ് 125 സി.വൈ.യു. മോഡൽ) എല്ലാ അംഗൻവാടികളിലും സ്ഥാപിച്ചിരിക്കുന്നതെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ക്വട്ടേഷനിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ 13000 രൂപയെങ്കിലും കുറവായ നിരക്കിൽ എ.സി. യൂണിറ്റും സ്റ്റെബിലൈസറും ലഭ്യമാണെന്ന് അനൗദ്യോഗികമായി വോൾട്ടാസ് ഏജൻസിയിൽ അന്വേഷിച്ചതിൽ അറിയുന്നു. അതായത് വിപണിവിലയിൽ ഏകദേശം 31000 രൂപയ്ക്ക് ലഭ്യമാകുമായിരുന്ന ഒരു എ.സി. യൂണിറ്റും സ്റ്റെബിലൈസറും (40568+3650) 44015 രൂപയ്ക്കാണ് സ്ഥാപിച്ചിരിക്കുന്നത്. കൂടാതെ ജി.ഒ.(പി) 259/10/തസ്വഭവ/8.11.10 ൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ എ.സി. യൂണിറ്റുകൾ (എ.സി. + സ്റ്റെബിലൈസർ) വാങ്ങുന്നതിൽ പാലിച്ചിട്ടില്ല.
3. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 22 അംഗൻവാടികൾ നിലവിൽ പ്രവർത്തിക്കുന്നു. ആയവയിൽ എട്ടെണ്ണം സ്വന്തമായി കെട്ടിടമില്ലാത്തവയാണ്. രണ്ട് അംഗൻവാടികൾ കറന്റ് കണക്ഷനില്ലാതെ പ്രവർത്തിക്കുന്നു. 15 അംഗൻവാടികളിൽ കുടിവെള്ളസൗകര്യമില്ല. പരിമിതമായ ഭൗതികസാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി അംഗൻവാടികൾ പഞ്ചായത്തിൽ ഉണ്ടെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. അടിസ്ഥാനസൗകര്യങ്ങളിൽ പ്രാഥമികമായവയ്ക്ക് (വെള്ളം, വൈദ്യുതി, കെട്ടിടം) പ്രാധാന്യം നൽകാതെ നാല് അംഗൻവാടികൾക്ക് എ.സി. വാങ്ങി സ്ഥാപിച്ചതിൽ പഞ്ചായത്ത് അധികൃതർ സാമ്പത്തിക കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 40 (ബി) പ്രകാരമുള്ള അച്ചടക്കവും ഔചിത്യവും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
4. കേരളത്തിന്റെ കാലാവസ്ഥയ്ക്കും കുഞ്ഞുങ്ങളുടെ ആരോഗ്യസ്ഥിതിക്കും എ.സി. ഉപയോഗം അനുയോജ്യമല്ല എന്ന വസ്തുതയും പ്രാധാന്യമർഹിക്കുന്നു. എ.സി. സ്ഥാപിച്ച നാല് അംഗൻവാടികളിലും ഫാൻ പ്രവർത്തിപ്പിക്കുന്നതിനാൽ എ.സി. നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല എന്ന് ഭൗതികപരിശോധനയിൽ ഓഡിറ്റിന് ബോധ്യമായി. ഇപ്രകാരം പ്രവർത്തിപ്പിക്കേണ്ട ആവശ്യവുമില്ല. ചെറിയ കുട്ടികളെ (2-5 വയസ്സുവരെ യുള്ള) സംരക്ഷിക്കുന്ന അംഗൻവാടികളിൽ അവരുടെ ആരോഗ്യരക്ഷ കൂടി പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യവികസനമായിരുന്നു അധികൃതർ ഒരുക്കേണ്ടിയിരുന്നത്. പ്രാഥമികമായ ആവശ്യങ്ങൾക്കും അടിസ്ഥാനസൗകര്യവികസനത്തിനുമായി ചെലവഴിക്കേണ്ടിയിരുന്ന പൊതുപണം നിർവഹണോദ്യോഗസ്ഥർ ദുർവിനിയോഗിച്ചതായി ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കടുത്തുരുത്തി | 10.03.16 | 100000 | പാലിയേറ്റീവ് കെയർ | 59365 | 40635 |
| ബ്ലോക്ക് പഞ്ചായത്ത് കടുത്തുരുത്തി | 10.03.16 | 100000 | സ്കോളർഷിപ്പ് | 100000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൊട്ടയമംഗലം കോളനി പൈപ്പ് ലൈൻ നീട്ടൽ(188/16) | 21500602 | 348876 | 348876 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | കിടങ്ങാട്ടുപടി തട്ടുംപുറം കോളനി പൈപ്പ് ലൈൻ നീട്ടൽ() | 21500604 | 200000 | 200000 | " |
| കേരള വാട്ടർ അതോറിറ്റി | കാരാത്ര സെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ നീട്ടൽ(202/15) | 21501314 | 200000 | 200000 | " |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 937500 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിട്ടില്ല. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്-ഉദ്ദേശം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തു |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.എം.എസ്. 7252010 എൽ.എസ്.ജി.ഡി. തീ. 4.3.10 | 12684000 (ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 7484000 രൂപയും വടയാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 5200000 രൂപയും) | 5565447 | 2634064 | 3078883 |
| | ജി.ഒ.എം.എസ്. 90/2013 എൽ.എസ്.ജി.ഡി. തീ. 14.3.13 | 1161000 (ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 691000 രൂപയും വടയാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 470000 രൂപയും | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1795383 |
| തൻവർഷം നിക്ഷേപിച്ച തുക | 261731 |
| ആകെ | 2057114 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2057114 |

## 4-6 . ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3(a) | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | |
| 2002-03 | ചെലവ് ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | |
| 1999-00 | 25ബി 33 | 2003-04 | പേജ് 63 | 1.എർത്ത്ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് 10554<br>2.കർഷകർക്ക് വളം വിതരണം അധിക സബ്സിഡി-15608 | |
| | | 2013-14 | പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകൾ<br>ഖ 5-1<br>പേജ് 57,65,76 | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44231689 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53067724 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 235537 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 415104 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-14 | | 235537 | ശ്രീ. രാജേഷ് ടി. വർഗീസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 65000 | ശ്രീമതി.രാജരാജേശ്വരി, അസി.സെക്രട്ടറി |
| 3-5 | 45100 | |

| | | |
|---|---|---|
| 3-7 | 197004 | |
| 3-9 | 4000 | |
| 3-6<br>3-8 | 84000<br>20000 | |
| ആകെ | 415104 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികവിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ. രാജേഷ് ടി. വർഗീസ്, സെക്രട്ടറി | സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തെക്കേപ്പറമ്പിൽ ഹൗസ്, മുത്തോലപുരം പി.ഒ., ഇലഞ്ഞി. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്നപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/6.10.09 |
| 1998-99ചെലവ് | എൽ.എഫ്.കെ.പി5/562/അദാ/14/28.11.14 |
| 99-00ചെലവ് | എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15 |
| 92-93, 93-94, 94-95, 95-96 | എൽ.എഫ്.കെ.പി5/1099/07/6.10.09 |
| 98-99 വരവ് | എൽ.എഫ്.കെ.പി5/1096/07/6.10.09 |
| 99-00 വരവ് | എൽ.എഫ്.കെ.പി5/1097/07/6.10.09 |
| പ്ളാൻ 00-01,01-02 | എൽ.എഫ്.കെ.പി5/569/അദാ/14/7.1.15 |
| 00-01 വരവ് | എൽ.എഫ്.കെ.പി5/1098/07/14.9.09 |
| 01-02 | എൽ.എഫ്.കെ.പി5/1082/08/9.10.09 |
| 2003-04 | എൽ.എഫ്.കെ.പി 5/1084/08/26.3.10 |
| 2004-05 | എൽ.എഫ്.കെ.പി5/989/09/6.12.10 |
| 2005-06 | എൽ.എഫ്.കെ.പി5/354/10/14.6.11 |
| 2006-07 | എൽ.എഫ്.കെ.പി1/960/അദാ1/06/11(6)/29.8.11 |
| 2007-08 | എൽ.എഫ്.കെ.പി5/356/10/5.11.12 |
| 2008-09 | എൽ.എഫ്.കെ.പി9/871/11/13.6.12 |
| 2009-10 | എൽ.എഫ്.കെ.പി9/872/11/8.11.12 |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി9/920/13/3.2.14 |
| 2012-13 | എൽ.എഫ്.കെ.പി9/585/14/21.4.15 |
| 2013-14, 14-15 | കെ.എസ്.എ.കെ.ടി.എം.പി9/967/16/12.7.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം പി9/1968/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:30.12.16

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തലയോലപ്പറമ്പ്ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം